# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - 3249 | 16.12.2015- ലെ മറുപടിക്ക്

## അടിസ്ഥാന സൗകര്യ വികസനം 2030

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | അടിസ്ഥാന സൗകര്യവികസനം 2030 എന്ന പേരിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്.<br>(17/11/2015 തീയതിയിലെ സർക്കാർ ഉത്തരവ് ജി,ഒ.(സാധാ.)നം.486/15/പ്ലാനിംഗ് പ്രകാരം അടിസ്ഥാന സൗകര്യ മാസ്റ്റർ പ്ലാൻ 2030 പഠനത്തിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്.) |
| (ബി) | എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ മേഖലകളി ലേയും സാമൂഹിക മേഖലകളിലേയും ആവശ്യങ്ങൾ തിട്ടപ്പെടുത്തുക, അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഒരു വികസനതന്ത്രം ആവിഷ്കരിക്കുക. ഇതിനു വേണ്ടിയുള്ള പ്രോജക്ടുകൾ കണ്ടെത്തി ബന്ധപ്പെട്ട വകുപ്പുകളെ വരും ദശകങ്ങളിൽ മുന്നേറുന്നതിനായി പ്രാപ്തമാക്കുക എന്നിവയാണ് അടിസ്ഥാന സൗകര്യ മാസ്റ്റർ പ്ലാൻ 2030 ലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പരിപ്രേക്ഷ്യം 2030ന് അനുസൃതമായി ആരോഗ്യം;വിദ്യാഭ്യാസം;വിവരസാങ്കേതികം; ഗതാഗതം;നഗരവികസനം; ഊർജ്ജം; ജലവിതരണവും,ശുചീകരണവും; മാലിന്യനിർമ്മാർജ്ജനവും; ഭവനനിർമ്മാണം എന്നീ 8 സെക്ടറുകളെ ഉൾക്കൊള്ളിച്ചു കൊണ്ട് അടിസ്ഥാനസൗകര്യ മാസ്റ്റർ പ്ലാൻ 2030 തയ്യാറാക്കുന്നതിനുള്ള പ്രാരംഭ |

നടപടികൾ സംസ്ഥാന ആസൂത്രണ ബോർഡിലെ പ്രോജക്ട് ഫിനാൻസിംഗ് സെൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരിപ്രേക്ഷ്യം പദ്ധതി 2030-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി കണ്ടെത്തിയിട്ടുള്ള പ്രോജക്ടുകൾ,അതിനാവശ്യമായ നിക്ഷേപം, ബന്ധപ്പെട്ട മേഖലകളിലെ നിലവിലുള്ള സ്ഥിതി തുടങ്ങിയ കാര്യങ്ങൾ അതത് വകുപ്പുകളിൽ നിന്നും ആരാഞ്ഞിട്ടുണ്ട്. വകുപ്പുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഒരു പ്രൊഫഷണൽ ഏജൻസിയെ കണ്ടെത്തുന്നതിനും ചുമതലപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ.